# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1351 — 07.06.2018 -ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം പദ്ധതി

ചോദ്യം

ശ്രീ.യു. ആർ .പ്രദീപ്

ഉത്തരം

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകിയതു വഴി എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. | എ) 2018-19 വർഷത്തെ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടില്ല. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പ് പൂർത്തിയായ ശേഷം മാത്രമേ യൂണിഫോം വിതരണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ച്; | ബി) ഈ അദ്ധ്യയന വർഷത്തിൽ യൂണിഫോം നൽകുന്നതിനായി ഇത് വരെ 86,36,50,000/- (എൺപത്തിയാറു കോടി മുപ്പത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കോടി രൂപ ചെലവഴിച്ച. ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പ് പൂർത്തിയായ ശേഷം മാത്രമെ യൂണിഫോം വിതരണത്തിന് വരുന്ന ആകെ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| സി) പ്രസ്തുത പദ്ധതി വിപുലീകരിച്ച് പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ